"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് -100 ദിന പരിപാടി-മനുഷ്യ-കാട്ടാന സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ-വനാതിർത്തി പങ്കിടുന്ന തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ, തദ്ദേശ വകുപ്പും, കൃഷി വകുപ്പുമായി സഹകരിച്ച് ഇടിച്ചക്ക ശേഖരിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

വനം വന്യജീവി(ഡി) വകുപ്പ്

G.O.(Rt)No.398/2026/F&WLD തീയതി,തിരുവനന്തപുരം, **23-09-2026**

പരാമർശം:- ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ **31/07/2026** ലെ കെ.എഫ്.ഡി.എച്ച്.ക്യൂ-**6353/2026**/സി.ഡബ്ളിയൂ.ഡബ്ളിയൂ/ഡബ്ളിയൂ എൽ4 നം. കത്തും അനുബന്ധവും.

ഉത്തരവ്

കേരളത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ മനുഷ്യ-കാട്ടാന സംഘർഷം ഗുരുതരമായ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക പ്രശ്നമായി മാറിയിരിക്കുകയാണ്. വിവിധ കാരണങ്ങൾ ഉണ്ടെങ്കിലും, ചക്ക വിളയുന്ന സീസണിൽ പ്രത്യേകിച്ചും, മാർച്ച് - ജൂലൈ മാസങ്ങളിൽ പ്ലാവുകളിൽ പഴുത്ത് നിൽക്കുന്ന ചക്കയുടെ മണവും ലഭ്യതയും കാട്ടാനകളെ ജനവാസ മേഖലയിലേക്ക് ആകർഷിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സമയബന്ധിതമായി ചക്ക വിളവെടുക്കാത്തതും അവ നിലത്തു വീണു നശിക്കുന്നതും ആനകളെ നിരന്തരം ജനവാസ മേഖലകളിലേക്ക് എത്തുന്നതിന് കാരണമാകുന്നു.

2. മേൽ സാഹചര്യം ഒഴിവാക്കുന്നതിനായി, വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിലെ പ്ലാവുകളിൽ നിന്നും ചക്ക പഴുക്കുന്നതിന് മുൻപ് ഇടിച്ചക്കപ്പരുവത്തിൽ ശേഖരിച്ച് നീക്കം ചെയ്യുകയും അവ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റുകയും ചെയ്യുന്ന ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ

വിശദമായ ഒരു ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ കാട്ടാന ശല്യം രൂക്ഷമായ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ വനാതിർത്തി പ്രദേശങ്ങളിൽ ഇടിച്ചക്ക ശേഖരണ പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. പദ്ധതിയുടെ വിശദാംശങ്ങളും, ഉദ്ദേശ്യ ലക്ഷ്യങ്ങളും, പദ്ധതി പ്രദേശം, നടപ്പാക്കുന്ന രീതിയുമുൾപ്പടെയുള്ള അവശ്യ വിവരങ്ങൾ/പദ്ധതി വ്യവസ്ഥകൾ അടക്കമുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K BIJU I A S

SECRETARY

അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ്
സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്& ഹോഫ്,
തിരുവനന്തപുരം
ഡയറക്ടർ , കൃഷി വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്& ചീഫ് വൈൽഡ് ലൈഫ് വാർഡൻ,തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(F,B&A),
തിരുവനന്തപുരം
എം.ഡി, കെ.എഫ്.ഡി.സി, കോട്ടയം.
എല്ലാ ജില്ലാ കളക്ടർമാർക്കും(ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുഖേന)
ബന്ധപ്പെട്ട തദ്ദേസസ്വയംഭരണ സ്ഥാപനങ്ങൾക്ക്(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E),(Audit)കേരളം,

ഉത്തരവിൻ പ്രകാരം
Digitally signed by
Suja S K
Date: 23-09-2026
17:03:13
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു. വനംവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

അനുബന്ധം

I പദ്ധതിയുടെ ലക്ഷ്യങ്ങൾ:

- കാട്ടാനകളെ ജനവാസ മേഖലയിലേക്ക് ആകർഷിക്കുന്ന ഭക്ഷ്യസ്രോതസ്സായ ചക്കയുടെ ലഭ്യത കുറയ്ക്കുക.
- കാട്ടാന ശല്യം മൂലമുള്ള കൃഷിനാശവും സ്വത്ത് നാശവും കുറയ്ക്കുക.
- കർഷകർക്ക് അധിക വരുമാന മാർഗം സൃഷ്ടിക്കുക.
- ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDCs), കുടുംബശ്രീ, ആദിവാസി സമൂഹങ്ങൾ, പ്രാദേശിക യുവജനങ്ങൾ എന്നിവർക്ക് തൊഴിലവസരം സൃഷ്ടിക്കുക.
- പൈലറ്റ് പദ്ധതിയായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ മാതൃകയുടെ ഫലപ്രാപ്തി വിലയിരുത്തി സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള ശുപാർശ തയ്യാറാക്കുക.

II. പൈലറ്റ് പദ്ധതി പ്രദേശങ്ങൾ:

കാട്ടാന ശല്യം വളരെ കൂടുതലുള്ള 3 മുതൽ 5 വരെ ഗ്രാമപഞ്ചായത്തുകൾ പൈലറ്റ് പദ്ധതിക്കായി തിരഞ്ഞെടുക്കാവുന്നതാണ്. വനാതിർത്തിയിൽ നിന്ന് 2 കി.മീ. ദൂരത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന വീടുകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവിടങ്ങളിലെ പ്ലാവുകളിൽ നിന്നും ഇടിച്ചക്കകൾ ശേഖരിച്ച് സുരക്ഷിതമായി നീക്കം ചെയ്യുകയും മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുകയും ചെയ്യുന്നതാണ്. വനമേഖലയോട് ചേർന്ന് വനാതിർത്തിയിൽ നിന്ന് 2 കിലോമീറ്റർ ചുറ്റളവിൽ വരുന്ന കാട്ടാന ശല്യം രൂക്ഷമായ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. **വയനാട് ജില്ല:** നൂൽപ്പുഴ, തിരുനെല്ലി
2. **മലപ്പുറം ജില്ല:** പോത്തുകല്ല്
3. **പാലക്കാട് ജില്ല:** അഗളി

III. പദ്ധതി ഘടകങ്ങളും,നിർവ്വഹണവും:

1. **സർവേയും മാപ്പിംഗും:** കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി പദ്ധതി പ്രദേശത്തെ പ്ലാവുകളുടെ സർവ്വേ, സ്ഥാനം (GPS), ഉടമസ്ഥാവകാശം, ചക്കയുടെ ലഭ്യത, വിളവെടുപ്പ് സമയം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

2. **ശേഖരണവും, ഗതാഗതവും:** പരിശീലനം ലഭിച്ച സംഘങ്ങൾ വഴി ആവശ്യമായ സുരക്ഷാ സംവിധാനങ്ങളും, വാഹന സൗകര്യങ്ങളും ഉപയോഗിച്ചു് കൊണ്ട് സമയബന്ധിതമായി ഇടിച്ചക്ക ശേഖരിച്ച് കേന്ദ്രീകൃത ശേഖരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കേണ്ടതാണ്.

3. **മൂല്യവർദ്ധനവും വിപണനവും:** ശേഖരിച്ച ഇടിച്ചക്ക ഉപയോഗിച്ച് ചക്ക ചിപ്സ്, ചക്കപ്പൊടി, അച്ചാർ, ഡ്രൈഡ് ചക്ക, കാലിത്തീറ്റ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സ്വകാര്യ സംരംഭകർ എന്നിവ വഴി വിപണനം നടത്തേണ്ടതാണ്.

IV. പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ:

- **നോഡൽ ഏജൻസി:** കൃഷി വകുപ്പ് / ഹോർട്ടികൾച്ചർ മിഷൻ
- **സഹകരിക്കുന്ന ഏജൻസികൾ:** കേരള വനം വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എഫ്.ഡി.സി. (KFDC), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDCs) / വന സംരക്ഷണ സമിതികൾ (VSS), കുടുംബശ്രീ മിഷൻ, കർഷക സംഘടനകൾ, ആദിവാസി സഹകരണ സംഘങ്ങൾ.

V. പദ്ധതി കാലാവധി (ആകെ 5 മാസം)

- പ്രാഥമിക സർവേ: 1 മാസം
- ചക്ക ശേഖരണം: 3 മാസം
- ഫലപ്രാപ്തി വിലയിരുത്തലും റിപ്പോർട്ട് തയ്യാറാക്കലും: 1 മാസം

VI നിരീക്ഷണവും വിലയിരുത്തലും

താഴെ പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതാണ്

- കാട്ടാന ആക്രമണങ്ങളുടെ എണ്ണത്തിലുള്ള കുറവ്
- കൃഷിനാശ പരാതികളിലെ കുറവ്
- പ്രാദേശിക ജനങ്ങളുടെ അഭിപ്രായം

VII. പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- കാട്ടാനകൾ ജനവാസ മേഖലയിലേക്ക് എത്തുന്ന പ്രവണത കുറയും.
- മനുഷ്യ-കാട്ടാന സംഘർഷം കുറയും.

- കൃഷിനാശം കുറയും.
- കർഷകർക്ക് അധിക വരുമാനം ലഭിക്കും.
- ചക്കയുടെ പാഴാക്കൽ കുറയും.
- സംസ്ഥാനതലത്തിൽ നടപ്പാക്കാവുന്ന മാതൃക വികസിപ്പിക്കാൻ സാധിക്കും.

VIII. നിരീക്ഷണം

കാട്ടാനകളെ ജനവാസ മേഖലയിലേക്ക് ആകർഷിക്കുന്ന പ്രധാന കാരണങ്ങളിലൊന്നായ ചക്കയുടെ ലഭ്യത കുറയ്ക്കുന്നതിലൂടെ മനുഷ്യ-കാട്ടാന സംഘർഷം ഗണ്യമായി കുറയ്ക്കാൻ ഈ പൈലറ്റ് പദ്ധതിക്ക് കഴിയും.വനം വകുപ്പും കൃഷി വകുപ്പും സംയുക്തമായി പദ്ധതിയുടെ നിരീക്ഷണം നടത്തേണ്ടതും, പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി വിജയകരമാണെന്ന് തെളിയുന്ന പക്ഷം, കാട്ടാനശല്യം രൂക്ഷമായ മറ്റ് പ്രദേശങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കേണ്ടതുമാണ്.